# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 5304

25/10/2011 ൽ
മറുപടിക്ക്

**അദ്ധ്യാപക പാക്കേജ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) അദ്ധ്യാപക പാക്കേജിലെ നിർദ്ദേശം അനുസരിച്ചുള്ള അദ്ധ്യാപകയോഗ്യതാ പരീക്ഷ (T E T) എന്നു മുതലുള്ള നിയമനങ്ങൾക്കാണ് ബാധകമാകുന്നത്; | (എ) 1/10/11 ലെ ജി.ഒ.(പി) 199/2011/ പൊ.വി. നമ്പർ സർക്കാർ ഉത്തരവു പ്രകാരം എൽ.പി/യു.പി/ ഹൈസ്കൂൾ ടീച്ചർമാർക്ക് അദ്ധ്യാപക യോഗ്യത പരീക്ഷ (TET) ബാധകമാക്കിയിട്ടുണ്ട്. |
| (ബി) അദ്ധ്യാപക യോഗ്യതാ പരീക്ഷയുടെ വിശദാംശങ്ങൾ നൽകുമോ. പരീക്ഷയുടെ നടത്തിപ്പും ഘടനയും എപ്രകാരമാണ്; | (ബി) തീരുമാനമെടുത്തിട്ടില്ല |
| (സി) സർവ്വീസിലുള്ള അദ്ധ്യാപകർക്കും യോഗ്യതാ പരീക്ഷ ബാധകമാണോ; വിശദാംശങ്ങൾ നൽകുമോ? | (സി) 30/4/11 ലെ ജി.ഒ.(പി) 100/11 പൊ.വി പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള 2011 ലെ കേരള വിദ്യാഭ്യാസ അവകാശ ചട്ടങ്ങളിലെ ചട്ടം 16 (2) പ്രകാരം സർവ്വീസിലുള്ള അദ്ധ്യാപകർ 5 വർഷത്തിനുള്ളിൽ യോഗ്യതാപരീക്ഷ പാസ്സാകേണ്ടതാണ്. 23/8/2010 നു മുമ്പ് സർവ്വീസിൽ വന്നവർക്ക് അദ്ധ്യാപക യോഗ്യതാപരീക്ഷ ബാധകമല്ല. |

സെക്ഷൻ ഓഫീസർ